പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2876 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പൊതുസ്ഥലങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളുടെ വിവരങ്ങളും അവയുടെ നിലവിലുള്ള സ്ഥിതിയും വിശദമാക്കാമോ;

മറുപടി: പ്രസ്തുത വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു

(ബി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള പൊതുസ്ഥലങ്ങൾ ടേക്ക് എ ബ്രേക്ക് പോലുള്ള പദ്ധതികൾക്ക് നൽകുന്നത് എന്തൊക്കെ നിബന്ധനകൾ പ്രകാരമാണെന്ന് വ്യക്തമാക്കാമോ; പി.ഡബ്ല്യു.ഡി.അനുമതി കൂടാതെ എവിടെയെങ്കിലും ടേക്ക് എ ബ്രേക്ക് നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: റോഡിലെ ഡ്രൈനേജ് തടസ്സപ്പെടാതെയും, കാൽ നടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം നിൽക്കാതെയും, നിർമ്മാണ സാമഗ്രികൾ പൊതുനിരത്തിൽ നിക്ഷേപിക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയിലും, ഭാവിയിൽ റോഡ് വികസന സമയത്ത് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം ഏത് ഘട്ടത്തിലാണെങ്കിലും അടിയന്തിരമായി സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്യണമെന്നും, പ്രസ്തുത നിർമ്മിതി മൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കും എന്നും, റോഡരികിൽ നിന്നും പരമാവധി അകലം പാലിച്ച് പ്രസ്തുത നിർമ്മാണം നടത്തേണ്ടതാണെന്നും, നിർമ്മാണ സമയത്ത് റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള നിബന്ധനകളോടുകൂടി അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും NO C ലഭിക്കുന്ന മുറയ്ക്ക് 200 രൂപയുടെ കരാർപത്രത്തിൽ കരാറിൽ ഏർപ്പെട്ടതിന് ശേഷം "tak e a break" പ്രവൃത്തി തുടങ്ങുന്നതിന് അനുമതി നൽകാറുണ്ട്.

തൃത്താല മണ്ഡലത്തിൽ, പെരുമ്പിലാവ് നിലമൂർ റോഡിൽ കൂറ്റനാട് ഭാഗത്തുള്ള "take a break" യൂണിറ്റിന്റെ നിർമ്മാണത്തിന് പൊതുമരാമത്തുവകുപ്പിന്റെ അന്തിമ അനുമതി ലഭ്യമാക്കുന്നതിന് മുൻപ് DTPC അധികൃതർ നിർമ്മാണം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലമൂർ - ഗുരുവായൂർ റോഡിൽ ഇറ്റനാട് പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്ന് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് വകുപ്പിന്റെ അനുമതിയോടുകൂടിയാണോ നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: റോഡിലെ ഡ്രൈനേജ് തടസ്സപ്പെടാതെയും, കാൽ നടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം നിൽക്കാതെയും, നിർമ്മാണ സാമഗ്രികൾ പൊതുനിരത്തിൽ നിക്ഷേപിക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയിലും, ഭാവിയിൽ റോഡ് വികസന സമയത്ത് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം ഏത് ഘട്ടത്തിലാണെങ്കിലും അടിയന്തിരമായി സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്യണമെന്നും, പ്രസ്തുത നിർമ്മിതി മൂലം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കും എന്നും, റോഡരികിൽ നിന്നും പരമാവധി അകലം പാലിച്ച് പ്രസ്തുത നിർമ്മാണം നടത്തേണ്ടതാണെന്നും, നിർമ്മാണ സമയത്ത് റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള നിബന്ധനകളോടുകൂടി അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും NO C ലഭിക്കുന്ന മുറയ്ക്ക് 200 രൂപയുടെ കരാർപത്രത്തിൽ കരാറിൽ ഏർപ്പെട്ടതിന് ശേഷം "tak e a break" പ്രവൃത്തി തുടങ്ങുന്നതിന് അനുമതി നൽകാറുണ്ട്.

തൃത്താല മണ്ഡലത്തിൽ, പെരുമ്പിലാവ് നിലമൂർ റോഡിൽ കൂറ്റനാട് ഭാഗത്തുള്ള "take a break" യൂണിറ്റിന്റെ നിർമ്മാണത്തിന് പൊതുമരാമത്തുവകുപ്പിന്റെ അന്തിമ അനുമതി ലഭ്യമാക്കുന്നതിന് മുൻപ് DTPC അധികൃതർ നിർമ്മാണം ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ തുടക്കമിട്ടുവെന്നും നവീകരിച്ച കഴിഞ്ഞ് പൊതുജനങ്ങൾക്കായി എത്രയെണ്ണം തുറന്നുകൊടുത്തുവെന്നും വിശദമാക്കാമോ?

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 53 പൊതുമരാമത്തു വകുപ്പ് വിശ്രമ മന്ദിരങ്ങൾ നവീകരിക്കാൻ തുടക്കമിടുകയും 39 വിശ്രമ മന്ദിരങ്ങൾ നവീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

നിരത്തുകൾ വിഭാഗം

ക്രമ നം	റോഡിന്റെ പേര്	നിലവിലെ സ്ഥിതി
1	കാറൽമണ്ണ – ചെർപ്പളശ്ശേരി റോഡ് 0/000–1/655	ബിഎം ബിസി ചെയ്ത നവീകരിച്ച റോഡ് പരിപാലന കാലാവധി പൂർത്തീകരിച്ചിട്ടുണ്ട്.
2	കോതകുറിശ്ശി – ചെറുമ്പറ്റക്കാവ് റോഡ് 0/000 to 5/100	ബിഎം ബിസി ചെയ്ത നവീകരിച്ച റോഡ് പരിപാലന കാലാവധി പൂർത്തീകരിച്ചിട്ടുണ്ട്.
3	മനിശ്ശേരി – ചോറൊട്ടൂർ റോഡ് 0/000 to 3/000, (Close graded	നിലവിൽ ഗതാഗത യോഗ്യമാണ്.
4	പാലക്കാട് – പൊന്നാനി റോഡ് 36/000–45/000 (BM&BC)	പ്രസ്തുത റോഡിൽ കി മി 36/700 മുതൽ 38/700 വരെയും, കി മീ 42/000 മുതൽ 45/000 വരെയും ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി സി ഓവർലേ പ്രവൃത്തി നടന്നു വരുന്നു. ശേഷിക്കുന്ന ഭാഗം ഗതാഗത യോഗ്യമാണ്.
5	വാണിയംകുളം – മാന്നന്തൂർ റെയിൽവേ സ്റ്റേഷൻ റോഡ് 0/000 to 4/500 (BM&BC, Close graded)	നിലവിൽ ഗതാഗത യോഗ്യമാണ്.
6	വാണിയംകുളം – കോതകുറിശ്ശി റോഡ് 0/000–6/060 (BM&BC)	റോഡ് പുനരുദ്ധാരണത്തിനായി കിഫ്ബിക്ക് കൈമാറിയിട്ടുണ്ട് .
7	ഒറ്റപ്പാലം – പെരിന്തൽമണ്ണ റോഡ് 6/000–17/800	റോഡ് പുനരുദ്ധാരണത്തിനായി കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്.
8	പാലക്കാട് – പെരിന്തൽമണ്ണ റോഡ് 43/880–48/880 (BM&BC)	കൂറ്റിപ്പുറം കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്.
9	ഷൊർണൂർ പെരിന്തൽമണ്ണ റോഡ് 0/000–6/400	ടി റോഡിൽ പൊതുവാൾ ജംഗ്ഷൻ മുതൽ കുളപ്പുള്ളി വരെയുള്ള ഭാഗത്ത് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ നിലവിലുള്ള കോൺട്രാക്ടറിനെ ടെർമിനേഷൻ നടത്തുകയും സെഷന് കീഴിലുള്ള റണ്ണിങ് കോൺട്രാക്ട് പ്രവർത്തികളിൽ ഉൾപ്പെടുത്തി റോഡിലുള്ള കുഴികൾ അടയ്ക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തി നടത്തി റോഡ് ഡിസൈൻ ചെയ്ത് റോഡ് പുനരുദ്ധാരണത്തിനായുള്ള പുതിയ എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് ഉടനെ സമർപ്പിക്കുന്നതാണ്.
10	SMP പൊതുവാൾ ജംഗ്ഷൻ റോഡ് കിമീ 0/000–0/700	റോഡിൽ ബി എം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ബിസി പ്രവർത്തി ഉടനെ പൂർത്തീകരിക്കുന്നതാണ്.
11	കൊപ്പം പേങ്ങാട്ടി റോഡ് കിമീ 6/960–10/360	ടി റോഡിൽ കേടുപാടുകൾ ഉണ്ട്. റോഡ് റണ്ണിങ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റണ്ണിങ് കോൺട്രാക്ട് വർക്ക് ടെൻഡറിങ് സ്റ്റേജിൽ ആണ്.

12	കൃഷ്ണപ്പടി കൈയിലിയാട് റോഡ് 0/000-6/000	കിമീ 0/000-3/000 ൽ റോഡ് പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു. കിമീ 3/000-6/000 ൽ KWA റെസ്റ്റോറേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.
13	കുളപ്പുള്ളി ഏലിയാപെറ്റ റോഡ് 0/000-14/245.	ടി റോഡിൽ കൈലിയാട് ചളവറ ഭാഗത്ത് കിമീ 4/000-14/245 ൽ JJM റെസ്റ്റോറേഷൻ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. കിമീ 9/000-12/000 ൽ പിഡബ്ല്യുഡി റോഡ് വർക്ക് പുരോഗമിക്കുന്നു.
14	നെല്ലായ മപ്പാട്ടുകര റോഡ് 0/000-4/000	വാട്ടർ അതോറിറ്റിയുടെ ലീക്ക് മൂലം പോട്ട്ഹോൾ ഉണ്ടായിട്ടുണ്ട്.
15	നെല്ലായ മാവുണ്ടരി കടവ് റോഡ് 0/000-5/300	റോഡിൽ വാട്ടർ അതോറിറ്റിയുടെ ലീക്ക് മൂലം പോട്ട്ഹോൾ ഉണ്ടായിട്ടുണ്ട്.
16	പട്ടാമ്പി ചേർപ്പുളശ്ശേരി റോഡ് കിമീ 9/000-17/000	കിമീ 12/000-14/000 ൽ റോഡ് damage ഉണ്ട്.
17	ഷൊർണ്ണൂർ കവളപ്പാറ റോഡ് 0/000-4/760	RC പ്രവൃത്തിക്കായി റോഡ് മെയിന്റനൻസ് പാലക്കാടിന് കൈമാറിയിട്ടുള്ളതാണ്.
18	വാണിയംകുളം വല്ലപ്പുഴ റോഡ് കിമീ 0/000-8/400	റോഡിൽ surface damage ഉണ്ട്.
19	എരവത്ര വല്ലപ്പുഴ റോഡ് കിമീ 0/000-4/000	ടാറിന്റെ വിലക്കയറ്റം കാരണം പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മഴ മാറുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.
20	കുലുക്കല്ലൂർ റെയിൽവേ സ്റ്റേഷൻ മാരായമംഗലം റോഡ് കിമീ 0/000-5/000	ഗതാഗതയോഗ്യമാണ്.
21	പാലക്കാട് - പെരിന്തൽമണ്ണ റോഡ്	സ്റ്റേറ്റ് ഹൈവേയിൽ ഉൾപ്പെട്ട കി മീ 35/500 മുതൽ 43/880 വരെ ബി എം &;ബി സി നിലവാരത്തിൽ ഉള്ള 8.38 കി മീ. നിലവിൽ ടി റോഡ് നവീകരണ പ്രവർത്തികൾക്കായി കെ എസ് റ്റി പി - ക്ക് കൈമാറിയിട്ടുള്ളതാണ്.
22	മാങ്ങോട് - വെള്ളിനേഴി റോഡ് കി. മീ 0/000 - 2/000.	2 കി മീ റോഡ് ബി എം & ബി സി നിലവാരത്തിലുള്ളതാണ്. നിലവിൽ റണ്ണിങ്ങ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പരിപാലിച്ചു വരുന്ന റോഡാണ്.
KRFB - കിഫ്ബി പദ്ധതികൾ		
1	ഒറ്റപ്പാലം - പെരിന്തൽമണ്ണ റോഡ് നവീകരണ പ്രവൃത്തി (Ch 11/000 മുതൽ 16/850 വരെ) (ബാലൻസ് പ്രവൃത്തി)	ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും കരാറുകാരന് Letter of Acceptance (LoA) നൽകുകയും ചെയ്തിട്ടുണ്ട്.
2	നിള - പട്ടാമ്പി കുളപ്പുള്ളി റോഡ്	പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.
3	പത്തംകുളം വാണിയംകുളം റോഡ് നവീകരണ പ്രവൃത്തി (Ch 1/000 മുതൽ 16/850 വരെ) (ബാലൻസ് പ്രവൃത്തി)	31/01/2026 തീയതിയിൽ കരാറുകാരനുമായി കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

4	ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് നവീകരണം 0/000 to 11/000	പ്രസ്തുത റോഡ് പ്രവർത്തി നിലവിൽ 38% പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയിനേജ്, കൾവർട്ടുകൾ, പേവ്മെന്റ് ലെയറുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഏകദേശം 2.5 കിലോമീറ്റർ ദൂരത്തിൽ DBM ലെയറിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
5	അടക്കാപുത്തൂർ–കല്ലുവഴി റോഡ്	14/11/2022–ൽ പൂർത്തീകരിച്ചിട്ടുണ്ട്.
6	ശ്രീകൃഷ്ണപുരം–മുറിയങ്കണ്ണി–ചെത്തല്ലൂർ റോഡ് 0/000 മുതൽ 7/700 വരെ (ഘട്ടം–I) (7.700 km) –	30/11/2024–ൽ പൂർത്തീകരിച്ചിട്ടുണ്ട്.
7	ചെർപ്പുളശ്ശേരി ടൗണിൽ ബൈപാസ് നിർമ്മാണവും നവീകരണ പ്രവർത്തനങ്ങളും	19/01/2026–ൽ പൂർത്തീകരിച്ചിട്ടുണ്ട്.
	നിരത്ത് പരിപാലന വിഭാഗം	
1	ഷൊർണ്ണൂർ കവളപ്പാറ റോഡ് 0/000–4/760 കി.മി.	2025–26 റണ്ണിംഗ് കോൺടാക്ട് – 1പ്രവൃത്തിയുടെ കീഴിൽ പരിപാലിച്ചു വരുന്നുണ്ട്. നിലവിൽ RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുഴികൾ അടച്ച് ഗതാഗതയോഗ്യമാക്കി നിലനിർത്തി പോകുന്നു.
	KSTP	
1	പെരിന്തൽമണ്ണ സംസ്ഥാന പാതയുടെ തിരുവാഴിയോട് മുതൽ ളത വരെയുള്ള 12.3 കി.മി. ഭാഗം	പ്രസ്തുത പ്രവൃത്തി KSTP യുടെ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.